പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 20

28.1.2019 ൽ
മറുപടിക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണതത്ത്വം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് കെ.പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ നിയമസഭ നിർദ്ദേശിച്ച മൂന്ന് ഭേദഗതികളടക്കം ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്. |
| ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ വഴി സംവരണതത്ത്വം അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) കെ.എ.എസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിലേക്കുള്ള നിയമനങ്ങളിൽ സംവരണം നടപ്പിലാക്കാത്ത സാഹചര്യത്തിൽ കെ.എ.എസ്. വഴി നിയമനം നൽകുന്ന മൊത്തം തസ്തികകളിൽ 50 ശതമാനം സംവരണതത്ത്വം എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>ഡി) ഉയർന്ന ഉദ്യോഗ തലങ്ങളിൽ സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യം കുറയ്ക്കുന്ന നിലപാട് തിരുത്തുന്നതിനും കെ.എ.എസ്സിന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ കൂടി സംവരണതത്ത്വം ബാധകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി), (സി) & (ഡി) തസ്തികമാറ്റം വഴി നിയമനം നടത്തുന്ന സ്ട്രീം II ലും III ലും സംവരണം ബാധകമല്ല. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധമാക്കേണ്ടതില്ലെന്നും അപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചും 04.03.2003 ൽ പുറപ്പെടുവിച്ച 19274/Adv.C3/2002/P&ARD നമ്പർ സർക്കുലർ നിലവിലുണ്ട്. KAS രൂപീകരിക്കുന്ന സമിതിയിൽ നിയമവകുപ്പ് സെക്രട്ടറിയും അംഗമായിരുന്നു. ഇക്കാര്യങ്ങളും അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും കണക്കിലെടുത്താണ് സ്ട്രീം I ൽ മാത്രം പൊതുസംവരണം ബാധകമാക്കിയത്. എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ